# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3298 19-10-2016-ൽ മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികളുടെ ഫീസ് ആനുകൂല്യം ലഭ്യമാക്കാൻ നടപടി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ. ടി. എ. അഹമ്മദ് കബീർ</td><td colspan="2">ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)</td></tr>
<tr><td>എ)</td><td>സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഫീസും മറ്റാനുകൂല്യങ്ങളും സമയത്തിനു ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;</td><td>എ)</td><td>ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ഇനത്തിൽ എത്ര രൂപ എത്ര പേർക്ക് നൽകിയിട്ടുണ്ട് ;</td><td>ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിദ്യാർത്ഥികൾക്കു നൽകിയ ഫീസാനുകൂല്യത്തെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>തലം</th><th>വിദ്യാർത്ഥികളുടെ എണ്ണം</th><th>അനുവദിച്ച തുക(രൂപ)</th></tr>
<tr><td>പ്രീമെട്രിക്</td><td>355828</td><td>20,55,37,060/- രൂപ (ഇരുപതുകോടി അമ്പത്തഞ്ചു ലക്ഷത്തി മുപ്പത്തേഴായിരത്തി അറുപത് രൂപ മാത്രം)</td></tr>
<tr><td>പോസ്റ്റ് മെട്രിക്</td><td>96420</td><td>80,00,00,000/- രൂപ (എൺപതുകോടി രൂപ മാത്രം)</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| സി) | പട്ടികജാതി വിദ്യാർത്ഥികളുടെ ബി.എഡ്/എം.എഡ് പഠനത്തിന് സർക്കാർ തീരുമാനിച്ചിട്ടുള്ള ഫീസ് പൂർണ്ണമായി യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) | മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് അപേക്ഷ സമർപ്പിച്ച് അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**